# The Malankara Orthodox Syrian Church


**Mar Geevarghese Coorilos**
Metropolitan, Diocese of Bombay

**BOMBAY ORTHODOX CHURCH CENTRE**
**DR. MAR THEOPHILUS MARG,**
**SECTOR 10-A, VASHI**
**NAVI MUMBAI 400 703, INDIA.**

**TEL.: +91 22 2780 1427**
**FAX : +91 22 2765 0876**
**MOB: +91 9820333379**
**EMAIL : bombayaramana@gmail.com**


MALANKARA ORTHODOX SYRIAN CHURCH · GEEVARGHESE MAR COORILOS · METROPOLITAN · DIOCESE OF BOMBAY

**No.05/2025**

**നമുക്കേറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ബോംബെ ഭദ്രാസനത്തിലെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളി കൈക്കാരന്മാരും, വി. മദ്ബഹായിലെ ശുശ്രൂഷകരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.**

**പ്രിയരെ,**

**ഓർത്തഡോക്സ് സഭയുടെ ജീവനും മഹത്വവും അതിന്റെ സ്വർഗ്ഗീയ ആരാധനയാണ്. അതിനെ അർത്ഥവത്താക്കുന്നതിൽ മദ്ബഹാ ശുശ്രൂഷകരുടെ പങ്കാളിത്വം വളരെ വലുതാണ്. അതിനാൽ തന്നെ ശുശ്രൂഷകർക്കു യഥാസമയം പരിശീലനം നൽകേണ്ടതും അവർ അച്ചടക്കത്തോടും ഭയഭക്തിയോടും കൂടി ആരാധനയിൽ പങ്കെടുക്കേണ്ടതും അത്യന്താപേക്ഷിതമാണ്.**

**നമ്മുടെ ഭദ്രാസനത്തിലെ അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘത്തിന്റെ വാർഷിക സമ്മേളനം 2025 ഫെബ്രുവരി 9–ാം തീയതി ഞായറാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണി മുതൽ പവായ് സെന്റ് പോൾസ് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കോൺഫ്രൻസിന്റെ മുഖ്യ ചിന്താവിഷയം "ഉറച്ചുനിൽക്കുക" (2 തെസ്സ. 2:15) എന്നതാണ്. സമ്മേളനത്തിൽ ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭി. ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കുന്നതും ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതുമായിരിക്കും. പ്രസ്തുത സമ്മേളനത്തിൽ നമ്മുടെ എല്ലാ ദേവാലയങ്ങളിൽനിന്നുമുള്ള മുഴുവൻ മദ്ബഹാ ശുശ്രൂഷകരും പ്രധാന ശുശ്രൂഷകനോടൊപ്പം പങ്കെടുക്കണമെന്ന് നാം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. കോൺഫ്രൻസിൽ സംബന്ധിക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. അതോടൊപ്പം നമ്മുടെ എല്ലാ യൂണിറ്റുകളും 2024–25 വർഷത്തെ യൂണിറ്റ് രജിസ്ട്രേഷൻ തുകയായ 500/– രൂപയും ഭദ്രാസന ഭാരവാഹികളുടെ പക്കൽ അടക്കേണ്ടതാണ്. യൂണിറ്റ് രജിസ്ട്രേഷൻ തുകയും യാത്രാചിലവും അതാത് ദേവാലയങ്ങളിൽ നിന്നും നൽകുവാൻ ഇടവക ഭരണസമിതി ശ്രദ്ധിക്കണമെന്ന് നാം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.**

**പങ്കെടുക്കുന്നവരുടെ പേരു വിവരം വൈസ് പ്രസിഡന്റ് ബഹു. ഷാജി ചാക്കോ കത്തനാരേയോ (09004519433) സെക്രട്ടറി ശ്രീ. ഷിബു ചെറിയാനേയോ (9870020915) മുൻകൂട്ടി അറിയിക്കേണ്ടതാണ്.**

**ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ ഏവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.**

**ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ**

Geevarghese Coorilos

**വാഷി അരമന**

**17-01-2025**

**ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത**